കേരള സർക്കാർ

# പറവൂർ ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(ബി.പി)2109/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 - 2422271
email : doekm.ksad@kerala.gov.in
തീയതി :06.12.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറവൂർബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പറവൂർ <u>ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(ബി.പി)2109/2017

തീയതി :06.12.2017

**<u>എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ധന്യ ബാലകൃഷ്ണൻ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 7-11-17 മുതൽ 13-11-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജിനിൽ റോയ് ഡി, ഓഡിറ്റ് ഓഫീസർ |
| | ഷെഫീക്ക് എം,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കവിത എസ് കണ്ണൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.അഡ്വ.യേശുദാസ് പറപ്പിള്ളി | 01.4.16 | 31.3.2017 |
| വൈസ് പ്രസിഡന്റ് | ശ്രീമതി.രമ ശിവശങ്കരൻ | 01.4.16 | 31.3.2017 |

## സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്

| | | | |
|---|---|---|---|
| വികസന കാര്യം | ശ്രീമതി ഷൈജ ടീച്ചർ | 01.4.16 | 31.3.2017 |
| ക്ഷേമകാര്യം | ശ്രീമതി.രശ്മിആസാദ് | 01.4.16 | 31.3.2017 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ. സുധീർ.ടി.ഡി | 01.4.16 | 31.3.2017 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ. എ.എൻ. നാരായണൻ | 01.4.2016 | 22-6-16 |
| | ശ്രീമതി ടി.എസ്സ് ശുഭ | 23-6-16 | 20-11-16 |
| | ശ്രീ എ .വി സന്തോഷ് | 21-11-16 | 25-12-16 |
| | ശ്രീമതി ടി.എസ്സ് ശുഭ | 26-12-16 | 31-3-17 |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.ഡയറക്ടർ, കൃഷി | ശ്രീമതി സൂസൻ വർഗ്ഗീസ്. | 1-4-16 മുതൽ 5-6-16വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി അനിതജയിംസ്. | 6-6-16 മുതൽ 2-1-17 വരെ |
| | ശ്രീമതി സോഫീയ.എ.എ. | 3-1-17മുതൽ 31-3-17വരെ |
| മെഡിക്കൽ ഓഫീസർ, ഏഴിക്കര സി.എച്ച്,സി | ഡേ.വിനോദ് പൗലോസ് | 1-4-16മുതൽ 31-3-17വരെ |
| സി.ഡി.പി.ഒ | ശ്രീമതി ഹാരിഫ | 1-4-16 മുതൽ 30-11-16വരെ |
| | ശ്രീമതി മിനിദാമോദരൻ | 1-12-16 മുതൽ 19-12-16വരെ |
| | ശ്രീമതി അമ്മിണി | 20-12-16 മുതൽ 31-3-17വരെ |
| എസ്.സി.ഡി.ഒ. | ശ്രീ .വിഷ്ണു എസ്. | 1-4-16മുതൽ 31-3-17വരെ |
| ഡയറിഎക്സ്റ്റൻഷൻ ഓഫീസർ. | ശ്രീ.സ്വാമിനാഥൻ വി.വി. | 1-4-16മുതൽ 31-3-17വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി മഞ്ജു .പി .വാസു | 1-4-16മുതൽ 31-3-17വരെ |
| വ്യവസായ വികസനഓഫീസർ | ശ്രീമതി.ബി.സുധ | 1-4-16മുതൽ 25-10-16വരെ |
| | ശ്രീ. തരുൺ കുമാർ വി.ആർ. | 26-10-16മുതൽ 31-3-17വരെ |

**ഉള്ളടക്കം**


| | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്ക്രമ നം. | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് ഫണ്ട് | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| | **ഭാഗം - 2**<br>**ഇല്ല** | |
| | **ഭാഗം - 3** | |
| 11 | ക്വട്ടേഷൻ ക്ഷണിക്കാതെ അച്ചടിക്കൂലി നല്കി -തടസ്സം35,000/-രൂപ | 3-1 |
| 12 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -സാക്ഷ്യപത്രം വാങ്ങിയില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-2 |
| 13 | മരുന്നുകൾ ലഭ്യമാക്കായിട്ടില്ല- തടസ്സം 442744രൂപ | 3-3 |
| 14 | ചെലവ് രേഖകൾ,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല-തടസ്സം 250000രൂപ | 3-4 |
| 15 | സ്റ്റെബിലൈസർ വാങ്ങൽ അപാകത -നഷ്ടം 1,300 രൂപ | 3-<br>5 |

| | | |
|---|---|---|
| | **ഭാഗം - 4** | |
| 16 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 17 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 18 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 19 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 20 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 21 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 22 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 23 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 24 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 25 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം.1 |
| 26 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- | അനുബന്ധം.2 |
| 27 | റസീപ്റ്റ് &പേയ്മെൻെറ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 28 | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം.4 |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 26-2-16 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റ് വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരമുണ്ട് . ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 2,20,98,365 | 22,86,26,565 |
| യഥാർത്ഥം | 5,45,98,180 | 6,45,17,212 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.7.17 | 5–7–17 |

## 1–3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016–17 | 7–11–17 | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1–4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,30,10,510 |
| വരവ് – | 5,45,8,180 |
| ആകെ – | 8,76,08,690 |
| ചെലവ് – | 6,45,17,212 |
| നീക്കിയിരിപ്പ്– | 2,30,91,478 |

## 1–5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 16,90,350 | 2,08,52,547 | 1,58,82,937 | 76 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 38,20,557 | 91,53,810 | 70,74,242 | 78 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4,89,684 | 40,000 | 8 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 8,27,078 | 32,45,196 | 23,46,204 | 72 |

## 1–6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 76 | 4,00,13,049 | 47 | 2,29,97,179 | 29 | 61.8 |

## 1–7 തനത് വരുമാനം.

വാടക,ടെണ്ടർഫോം വിറ്റ് വരവ് എന്നീ നാമമാത്രമായ വരവ് മാത്രമേ ബ്ളോക്ക് പഞ്ചായത്തിൽ തനത് വരുമാനമായുള്ളു. 16–17ൽ 36,070/–രൂപയാണ് തനത് വരുമാനം.

## 1–8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10–11–17 ന് സ്ഥാപനത്തിലെ അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 200/ രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു. അന്നേ ദിവസം ക്യാഷ് വരവ് ഉണ്ടായിരുന്നില്ല

## 1–9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളും കണ്ടിജന്റ് വൌച്ചറുകളും നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട് എങ്കിലും എെ.എ.വൈ ഭവന പദ്ധതി– രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20-7-17 | 2016-17 | ലഭിച്ചിട്ടില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 30-6-15 | 2013 മുതൽ 2015 വരെ | 13-8-15 | |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഇല്ല

# ഭാഗം –3

# ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3–1 ക്വട്ടേഷൻ ക്ഷണിക്കാതെ അച്ചടിക്കൂലി നല്കി –തടസ്സം35,000/–രൂപ

പ്രോജക്ട് നം –69/17

(വയോജനങ്ങൾക്ക് ആരോഗ്യജീവിതചര്യയും യോഗപരിശീലനവും )

നിർവഹണ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ

ചെലവഴിച്ച തുക –364383 (വികസനഫണ്ട് ) ബിൽ നം7/16–17/31–3–17

വയോജനങ്ങൾക്ക് ആരോഗ്യജീവിതചര്യ ലഭ്യമാക്കാൻ യോഗപരിശീലനം നല്കുക എന്നാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ, പദ്ധതി നിർവ്വഹണത്തിൽ വന്ന അപാകതകൾ താഴെ ചേർക്കുന്നു.

കേരള സ്റ്റോർ പർച്ചയ്സ് മാന്വൽ (7.4) പ്രകാരം 15000രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ/ടെൻഡർ ക്ഷണിക്കണം എന്നിരിക്കെ ആയത് പാലിക്കാതെയാണ് മേൽ പറഞ്ഞ പ്രോജക്ടിന്റെ ഭാഗമായ യോഗപരിചയം എന്ന കൈപ്പുസ്തകത്തിന്റെ അച്ചടിക്കൂലിയായ 35,000രൂപ തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജ് പ്രിൻസിപ്പാലിന് നല്കിയത്. ടി വിഷയം സംബന്ധിച്ച് 9–11–17 ൽ നല്കിയ എൻക്വയറി നം 2ന് ലഭ്യമാക്കിയ മറുപടിയിൽ യോഗപരിശീലനത്തിനായി തെരഞ്ഞെടുത്ത തൃപ്പൂണിത്തുറ ഗവ.ആയുർവേദ കോളേജ് പ്രിൻസിപ്പാലിനെ കൈപ്പുസ്തകത്തിന്റെ അച്ചടി ഏല്പിക്കുകയും അവർ ക്വട്ടേഷൻ ക്ഷണിച്ചാണ് ടി പുസ്തകം അച്ചടിച്ചത് എന്നതാണ്. നിർവഹണ ഉദ്യോഗസ്ഥയായ സി.ഡി.പി.ഒ യാണ് യോഗപരിചയം എന്ന കൈപ്പുസ്തകത്തിന്റെ അച്ചടിക്ക്ക്വട്ടേഷൻ ക്ഷണിക്കേണ്ടത് എന്നതിനാൽ മറുപടി അംഗീകരിക്കുന്നതല്ല. കൂടാതെ യോഗപരിചയം എന്ന് കൈപ്പുസ്തകത്തിന്റെ അച്ചടിക്ക് തൃപ്പൂണിത്തുറ ഗവ.ആയുർവേദ കോളേജ് പ്രിൻസിപ്പാൾ ക്ഷണിച്ച ക്വട്ടേഷനുകൾ ഫയലിനൊടൊപ്പം ഹാജരാക്കിയില്ല. ആയതിനാൽ യോഗപരിചയം എന്ന കൈപ്പുസ്തകത്തിന്റെ അച്ചടിക്കൂലിയായി തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജ് പ്രിൻസിപ്പലിന് നല്കിയ 35,000രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3–2 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – സാക്ഷ്യപത്രം വാങ്ങിയില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം –47/17

(പ്രൊഫഷണൽകോഴ്സിന്പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് )

നിർവഹണ ഉദ്യോഗസ്ഥൻ– പട്ടികജാതി വികസനഓഫീസർ

ചെലവഴിച്ച തുക –5,50,000 രൂപ(എസ്.സി.പി) ബിൽ നം4/16–17/20–3–17

പ്രോജക്റ്റ് പ്രകാരം കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അഖിലരാജീവ്,വിഷ്ണു എം.എം എന്നിവർക്ക് 25,000 രൂപ വീതം സ്കോളർഷിപ്പ് നല്കി. എന്നാൽ ഇവർക്ക് ടി ധനസഹായം നല്കിയത് കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും ഇതിനു മുമ്പ് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം വാങ്ങാതെയാണ്. വിഷയം സംബന്ധിച്ച് 9–11–17ൽ നല്കിയ എൻക്വയറി നം 1ന് ലഭ്യമാക്കിയ മറുപടി അഖില രാജീവ്, വിഷ്ണു എം.എം എന്നിവർ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽനിന്ന് പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വാങ്ങിയിട്ടില്ല എന്ന സാക്ഷ്യപത്രം കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്നാണ്.ടി മറുപടി അംഗീകരിക്കതക്കതല്ല ആയതിനാൽ അഖില രാജീവ്, വിഷ്ണു എം.എം എന്നിവർക്ക് സ്കോളർഷിപ്പായി നല്കിയ 50,000രൂപ (25,000രൂപ വീതം) തടസ്സത്തിൽ വെയ്ക്കുന്നു

## 3–3 മരുന്നുകൾ ലഭ്യമാക്കായിട്ടില്ല– തടസ്സം 442744രൂപ

പ്രോജക്റ്റ് നം –50/17
(അലോപ്പതി ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ)
നിർവഹണ ഉദ്യോഗസ്ഥൻ– മെഡിക്കൽ ഓഫീസർ ( ഏഴിക്കര സി.എ.ച്ച്.സി)
ചെലവഴിച്ച തുക –5,50,000രൂ(റോഡിതരം),ബിൽ നം 1/16–17/23–12–16(3,50,000/–രൂപ),3/16–17/3–3–17(2,00,000/– രൂപ)

ഏഴിക്കര സി.എ.ച്ച്.സിയിലേക്ക് മരുന്നു വാങ്ങുന്നതിന് പ്രോജക്റ്റ് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 5,50,000 നല്കി. എന്നാൽ നാളിതുവരെ 1,07,256രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളു ബാക്കി 4,42,744രൂപയുടെ മരുന്നുകൾ നാളിതു വരെ ലഭ്യമാക്കായിട്ടില്ല. ടി വിഷയം സംബന്ധിച്ച് 9–11–17ൽ നല്കിയ എൻക്വയറി നം.3ന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില 4,42,744രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.തടസ്സം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3–4 ചെലവ് രേഖകൾ,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല–തടസ്സം 250000രൂപ

പ്രോജക്ട് നം –98/17

(പാലിയേറ്റീവ് കെയറിന് ബ്ലോക്ക് വിഹിതം നല്കൽ )

നിർവഹണ ഉദ്യോഗസ്ഥൻ– മെഡിക്കൽ ഓഫീസർ ( ഏഴിക്കര സി.എ.ച്ച്.സി)

ചെലവഴിച്ച തുക –2,50,000രൂപ(വികസനഫണ്ട് ),ബിൽ നം 4/16–17/24–3–17

ഈ പ്രോജക്ടിന്റെ ചെലവ് രേഖകൾ,വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. വിഷയം സംബന്ധിച്ച് 9–11–17 ൽ നല്കിയ എൻക്വയറി നം 3ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പാലിയേറ്റീവ് കെയറിന് ബ്ലോക്ക് വിഹിതം നല്കൽ എന്നപ്രോജക്ടിന് ചെലവഴിച്ച 2,50,000രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3–5 സ്റ്റെബിലൈസർ വാങ്ങൽ അപാകത –നഷ്ടം 1,300 രൂപ

പ്രോജക്ട് നം –92/17

(ആരോഗ്യസ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ)

നിർവഹണ ഉദ്യോഗസ്ഥൻ– മെഡിക്കൽ ഓഫീസർ ( ഏഴിക്കര സി.എ.ച്ച്.സി)

ചെലവഴിച്ച തുക –2,00,000രൂപ(റോഡിതരം),ബിൽ നം 5/16–17/27–3–17

ഈ പ്രോജക്ട് പ്രകാരം ഏഴിക്കര സി.എ.ച്ച്.സിക്ക് ഫ്രിഡ്ജ് & സ്റ്റെബിലൈസർ എന്നിവ വാങ്ങി നല്കിയിട്ടുണ്ട് (15,500രൂപ) എന്നാൽ ആരോഗ്യസ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന മറ്റൊരു പ്രോജക്ടിൽ ഉൾപ്പെടുത്തി (91/17,ബിൽ നം 6/16–17/27–3–17, റോഡിതരം)ഏഴിക്കര സി.എ.ച്ച്.സിക്ക് വീണ്ടുംസ്റ്റബിലയിസർ വാങ്ങി നല്കി (1,300രൂപ). ടി വിഷയം സംബന്ധിച്ച് 9–11–17 ൽ നല്കിയ എൻക്വയറി നം 3ന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽഏഴിക്കര സി.ച്ച്.സിക്ക് വീണ്ടുംസ്റ്റബിലയിസർ വാങ്ങി നല്കിയതു വഴിയുണ്ടായ നഷ്ടം 13,00രൂപ നിർവഹണ ഉദ്യോഗസ്ഥനായമെഡിക്കൽ ഓഫീസറിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# ഭാഗം –4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**ഇല്ല**

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**ഇല്ല**

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

**ഇല്ല**

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ.(എം.എസ് ) 310/2008/LSGD/ തിരു തീ 22-11-2008 | 50,60,040 | 12,65,000 | 6,67,000 | 31,28,040 |
| JAY ലോൺ അക്കൌണ്ട് | സ.ഉ.നം.90/13 LSGD/14.3.13 | 66,37,500 | | | 66,37,500 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല**

## 4–6 ഓഡിറ്റ് റിക്കവറി

**ഇല്ല**

## 4–7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4–8 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,45,98,180 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,45,17,212 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,300 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,77,744 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3–5 | | 1300 | ഡോ വിനോദ് പൗലോസ്, ഇടപ്പങ്ങാട്ട് വീട്, മുളന്തുരുത്തി പി.ഒ,എറണാകുളം |
| ആകെ | | 1300 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3–1 | 35000 | ശ്രീമതി അമ്മിണി കെ എ, സി ഡി പി ഒ |
| 3–2 | 50000 | ശ്രീ വിഷ്ണു എസ്, എസ് സി ഡി ഒ |
| 3–3 | 442744 | ശ്രീ.വിനോദ് പൗലോസ്, മെഡിക്കൽ ഓഫീസർ സി.എച്ച്.സി, ഏഴിക്കര |
| 3–4 | 250000 | ശ്രീ.വിനോദ് പൗലോസ്, മെഡിക്കൽ ഓഫീസർ സി.എച്ച്.സി ,ഏഴിക്കര |
| ആകെ | 777744 | |

**(സി) കേന്ദ്ര–സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**
**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**
**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ വിനോദ് പൗലോസ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി,ഏഴിക്കര | മെഡിക്കൽ ഓഫീസർ സി.എച്ച്.സി,ഏഴിക്കര | ഡോ വിനോദ് പൗലോസ്, ഇടപ്പങ്ങാട്ട് വീട്, മുളന്തുരുത്തി പി.ഒ, എറണാകുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 1998-99 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 1999-2000 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2000-01 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2001-02 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2002-03 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2003-04 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2004-05 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2005-06 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2006-07 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2007-08 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2008-09 | എൽ.എഫ്.ഇ(സി1)311/12 തീ.8-3-12/15-3-12 |
| 2009-10 | എൽ.എഫ്.ഇ(സി1)311/12 തീ.8-3-12/15-3-12 |
| 2010-11& 2011-12 | എൽ.എഫ്.ഇ(ബി.പി)292/13തീ.16-3-13/8-4-13 |
| 2012-13 | എൽ.എഫ്.ഇ(ബി.പി1)2003/13തീ.28-11-2013/9-12-13 |
| 2014-15& 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1577/16തീ.27-9-16/8-4-13 |

ജോയിന്റ് ഡയറക്ടർ

**<u>അനുബന്ധം - 1</u>**

**<u>ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17</u>**

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി)2109/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് - 682030
ഫോൺ : 0484 - 2422271
തീയതി :06.12.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **<u>പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17</u>** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **<u>പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17</u>** വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

**APPENDIX - I**
**AUDIT CERTIFICATE - 2016-17**

No.KSA-EKM(BP) 2109/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad - 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date :06.12.2017

Certified that I have audited the Annual Financial Statement of **Paravur Block Panchayat** in Ernakulam District for the year ended on **31.03.2017** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of **Paravur Block Panchaya**t for the year **2016-17** except the observations in my audit report prorperly presents the picture of income and expenditure.

Joint Director